⇨ ഞാൻ കർണ്ണാടകക്കാരനാണെന്ന് പറയാൻ എനിക്കാകുമായിരുന്നില്ല ⇨

**ഞാനും** നിങ്ങളും തികച്ചും വ്യത്യസ്തങ്ങളായ രണ്ട് സാഹചര്യങ്ങളിൽ നിന്നുള്ളവരാണെങ്കിലും നമ്മൾ തമ്മിൽ സചേതനമായ ഒരു ബന്ധം എനിക്കനുഭവപ്പെടുന്നുണ്ട്. പുരോഗമനപരമായ മാറ്റത്തിന്റെ കാരണഭൂതരാകാൻ നമുക്കൊക്കെയുള്ള അഭിവാഞ്ജയാണ് നമ്മെ തമ്മിൽ ബന്ധിപ്പിക്കുന്ന പൊതുഘടകം. ഈ പരിപാടിയിലേക്ക് വേണ്ട ഭക്ഷ്യധാന്യവും പച്ചക്കറികളും ഇതിന്റെ സംഘാടകർ തന്നെ കൃഷി ചെയ്തതാണെന്ന് അറിയാൻ കഴിഞ്ഞു. തങ്ങൾ കൊണ്ടുവരാനുദ്ദേശിക്കുന്ന പുരോഗമനപരമായ മാറ്റവുമായി താദാത്മ്യം പ്രാപിക്കുന്ന ഈ പ്രവൃത്തി കേരളത്തിലെ യുവതയുടെ അഗാധമായ അർപ്പണബോധത്തിന്റെ പ്രതിഫലനമായി ഞാൻ കാണുന്നു. അർപ്പണബോധത്തിന്റെ ഇത്തരം ആവിഷ്കാരങ്ങൾ ലോകത്തിൽ തുലോം കുറവാണ്.

# പ്രതിരോധത്തിന്റെ തിബറ്റൻ ശീലുകൾ

ചൈനീസ് അധിനിവേശം തകർത്ത തിബറ്റൻ ജനതയുടെ സാംസ്കാരിക പ്രതിരോധങ്ങളെക്കുറിച്ചും അത് ആഗോളവത്കരണത്തിനെതിരെയുള്ള അഹിംസാത്മക സമരരൂപമായി മാറുന്നതെങ്ങനെയെന്നും

**തെൻസിൻ സുൻഡു**

2013 മെയ് 1 മുതൽ 5 വരെ കുറ്റിപ്പുറത്ത് വച്ചുനടന്ന യൂത്ത്ഡയലോഗ് യുവജന സംഗമം ഉദ്ഘാടനം ചെയ്ത് നടത്തിയ പ്രഭാഷണം.

**പരിഭാഷ: രഞ്ജിത്ത് കാവുങ്കര**

തിബറ്റുകാരനാണെങ്കിലും ഞാൻ ജനിച്ചതും വളർന്നതും ഇന്ത്യയിലാണ്. ഞാൻ ജനിച്ചത് ഒരു തിബറ്റൻ അഭയാർഥി കുടുംബത്തിലാണ്. 1959–60 കാലഘട്ടത്തിലെ ചൈനീസ് അധിനിവേശ സമയത്ത് ഇന്ത്യയിലേക്ക് പാലായനം ചെയ്തവരാണ് എന്റെ മാതാപിതാക്കൾ. 1970 കളിൽ, ഹിമാചലിൽ റോഡ് നിർമ്മാണ തൊഴിലാളികളായി എന്റെ മാതാപിതക്കൾ പണിയെടുത്തിരുന്ന കാലത്ത്, റോഡരികിലെ ഒരു അഭയാർഥി ക്യാമ്പിലാണ് ഞാൻ ജനിച്ചത്. തുടർന്ന് ഞാൻ വളർന്നതെല്ലാം ഇന്ത്യയിലെ തിബറ്റൻ അഭയാർത്ഥി ക്യാമ്പുകളിലാണ്. തിബറ്റിൽ നിന്നും ഹിമാചലിൽ നിന്നും വളരെ അകലെയുള്ള കേരളത്തിൽ ജീവിക്കുന്ന നിങ്ങൾ ചൈനീസ് അധിനിവേശത്തിന്റെ ഇത്തരം അസ്വസ്ഥകഥകൾ ഒരു പക്ഷെ അധികം കേട്ടുകാണില്ല.

15 വർഷങ്ങൾക്ക് മുമ്പ് ഞാൻ ചെന്നൈയിൽ പഠിക്കുന്ന കാലത്ത് സ്ഥിരമായി ഞാൻ അഭിമുഖീകരിക്കാറുണ്ടായിരുന്ന ഒരു ചോദ്യം എന്റെ സ്വദേശത്തെ സംബന്ധിച്ചുള്ളതാണ്. എന്റെ മാതാപിതാക്കൾ അന്ന് താമസിച്ചിരുന്നത് കർണ്ണാടകയിലായിരുന്നെങ്കിലും, എന്റെ അമ്മ നന്നായി കന്നട സംസാരിക്കുമായിരുന്നെങ്കിലും,ം ഞാൻ കർണ്ണാടകക്കാരനാണെന്ന് പറയാൻ എനിക്കാകുമായിരുന്നില്ല. എന്റെ മുഖം കാണുമ്പോൾ തന്നെ ചെന്നൈയിലെ ആളുകൾ ഞാൻ നേപ്പാളിയോ ചൈനക്കാരനോ ആണെന്ന് തീരുമാനിക്കും.

പ്രായമായവർക്കില്ലാത്ത വ്യതിരിക്തമായ ഒരു വിവേചനശേഷി കൈമുതലായുള്ളവരാണ് യുവാക്കൾ.

പാരമ്പര്യങ്ങളുടെയും കെട്ടുപാടുകളുടെയും കീഴ്‌വഴക്കങ്ങളുടെയും ശത്രുതകളുടെയും ഭാരങ്ങൾ പേറാതെ, പുത്തൻ മാനസികാവസ്ഥകളെയും സമീപനങ്ങളെയും സ്വീകരിക്കുന്നവരാണ് യുവാക്കൾ. ശരിതെറ്റുകളെ വേർതിരിച്ചറിഞ്ഞ്, മുതിർന്നവർക്ക് വിപരീതമായി, സാംസ്കാരിക പശ്ചാത്തലങ്ങളുടെ ചതുരക്കള്ളികളിൽനിന്നും പുറത്തുകടക്കാനുള്ള ആർജ്ജവം കാണിക്കുന്നവരാണ് യുവാക്കൾ. യുവാക്കൾക്ക് വിശിഷ്ടമായുള്ള ഈ പ്രത്യേകതയാണ് മാറ്റത്തിന് വേണ്ടിയുള്ള പോരാട്ടങ്ങളിൽ ഉപയോഗിക്കപ്പെടേണ്ടത്. നിങ്ങൾ ആഗ്രഹിക്കുന്ന സമൂഹ്യ-രാഷ്ട്രീയ മാറ്റം ആദ്യം പ്രാവർത്തികമാക്കേണ്ടത് നിങ്ങളുടെ തന്നെ വ്യക്തി ജീവിതങ്ങളിലാണ്. അഞ്ചാം ക്ലാസിൽ പഠിക്കുമ്പോഴാണ് ഞാൻ അഭയാർഥിയാണെന്ന തിരിച്ചറിവ് എനിക്കുണ്ടായത്. ഞാൻ ജനിച്ച രാജ്യമല്ല എന്റെ സ്വദേശം എന്നും, ഒരുനാൾ തിരിച്ച് പോകേണ്ടവരാണ് ഞങ്ങളെന്നും, ഞാൻ ജനിച്ച രാജ്യത്ത് ഞങ്ങളുടേതായ ഒന്നുമില്ലെന്നുമുള്ള തിരിച്ചറിവുകൾ എന്നെ അസ്വസ്ഥനാക്കി. ഞങ്ങൾ ഇവിടത്തുകാരല്ല എന്ന മനസിന്റെ ഉണർച്ച ഒരു ഇച്ഛാശക്തിയുള്ള ആക്റ്റിവിസ്റ്റ് എന്ന നിലയിൽ എന്റെ പക്വത വർദ്ധിപ്പിച്ചു. ആ ദിവസങ്ങളിലാണ് ഒരു സ്വാതന്ത്ര്യ സമരപോരാളിയായി വളരണമെന്ന് ഞാൻ പ്രതിജ്ഞയെടുത്തത്.

ഞങ്ങൾ ഞങ്ങളുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടിയായിരിക്കാം ഇന്ന് സമരം ചെയ്യുന്നത്. പക്ഷെ ഞങ്ങൾ ആഗ്രഹിക്കുന്ന മാറ്റത്തിന്റെ രീതി തന്നെയാണ് കേരളത്തിലെ പരിസ്ഥിതി പ്രവർത്തകരും യു.പിയിലേയും ബിഹാറിലേയും സാമൂഹ്യ പരിഷ്കർത്താക്കളും നർമദയിലെ പ്രശ്നങ്ങളിൽ ഇടപെടുന്നവരും ഛത്തീസ്ഗഡിൽ ഭൂമിക്ക് വേണ്ടി സമരം ചെയ്യുന്നവരും അഗ്രഹിക്കുന്നത്. ഞാൻ സത്യത്തിന് വേണ്ടി പോരാടുമെന്നും ഈ പോരാട്ടപാതയിലുടനീളം ഞാൻ എന്റെ വിശ്വാസ്യത നിലനിർത്തുമെന്നുമുള്ള യുവതയുടെ സമാനമായ ഉത്സുകത ഇവിടങ്ങളിലെല്ലാം ദൃശ്യമാണ്. പൂർണ്ണമായ വിശ്വാസ്യത നിങ്ങൾ നിലനിർത്തുകയാണെങ്കിൽ മറ്റൊരു ശക്തിക്കും നിങ്ങളെ കീഴ്പ്പെടുത്താനാകില്ല; ഒന്നിനേയും നിങ്ങൾ ഭയപ്പെടേണ്ടിവരില്ല. ഇത് ആക്റ്റിവിസ്റ്റ് എന്ന നിലയിൽ എന്റെ ജീവിതം കൊണ്ട് എനിക്ക് ബോധ്യമായതാണ്. നിങ്ങൾ ജീവിതത്തിൽ ഈ വിശ്വാസ്യത നിലനിർത്തുകയാണെങ്കിൽ ആളുകൾ നിങ്ങളെ ഭയപ്പെടും, ബഹുമാനിക്കും. അത് നിങ്ങളുടെ സമ്പത്ത് കണ്ടിട്ടോ, വിദ്യാഭ്യാസം കണ്ടിട്ടോ, നിങ്ങളുടെ കായികശേഷി കണ്ടിട്ടോ ഒന്നുമായിരിക്കില്ല, മറിച്ച് സമരവഴിയിൽ നിങ്ങൾ പുലർത്തുന്ന ഉറച്ച വിശ്വാസ്യത കൊണ്ടും സത്യത്തോടുള്ള നിങ്ങളുടെ അഭിനിവേശം കൊണ്ടുമായിരിക്കും. ഈ സത്യബോധം നിങ്ങൾക്ക് നിർഭയത്വം പകർന്നുതരും. അതായത് സമ്പത്തോ അധികാരമോ ഉള്ളവരെ നിങ്ങൾ പേടിക്കേണ്ടതില്ല, മറിച്ച് അധികാരത്തിന്റെ ധാർഷ്ട്യവും സമ്പത്തിനോടുള്ള അത്യാർത്തിയും അവരെ ഇത്രമാത്രം അഴിമതിക്കാരാക്കിമാറ്റിയിരിക്കുന്നുവല്ലോ എന്നോർത്ത് നിങ്ങൾക്ക് അവരോട് കഷ്ടം തോന്നാം. സമ്പന്ന-അധികാരി വർഗ്ഗങ്ങളെ ആരാധിക്കുന്നതിന് പകരം വലിയ പ്രതിസന്ധികളെ അതിജീവിച്ച് ജീവിതത്തിൽ വിശ്വാസ്യതയും സത്യസന്ധതയും അപാരമായ ക്ഷമയും പുലർത്തുന്നവരോട് നിങ്ങൾക്ക് ആരാധന തോന്നും.

ഞാൻ പലതവണ കാരാഗ്രഹവാസം അനുഭവിച്ചിട്ടുണ്ട്. ഇന്ത്യയിലെ 12ഓളം ജയിലുകളിൽ ഞാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ത്യൻ ജയിലുകളെക്കുറിച്ച് ഞാൻ ഒരുഗൈഡ് തയ്യാറാക്കണമെന്ന് പറഞ്ഞ് എന്റെ കൂട്ടുകാർ എന്നെ കളിയാക്കാറുണ്ട്. തിബറ്റിൽ പോകാനുള്ള എന്റെ ആഗ്രഹത്തിൽ നിന്നാണ് ഈ ജയിൽവാസ പരമ്പര തുടങ്ങുന്നത്. മദ്രാസിൽ നിന്നും ബി.എ ഡിഗ്രി എടുത്തശേഷം ഞാൻ തിബറ്റിലേക്ക് പോയി. തിബറ്റിലേക്ക് കടന്ന്, അവിടെ നിന്ന് പ്രവർത്തിക്കാനായിരുന്നു എന്റെ പദ്ധതി. പക്ഷെ ഞാൻ പിടിക്കപ്പെടുകയും ജയിലിലടക്കപ്പെടുകയും മർദ്ദിക്കപ്പെടുകയും നിരന്തരം ചോദ്യം ചെയ്യപ്പെടുകയും ചെയ്തു. എനിക്കൊരിക്കലും ജയിലിൽ നിന്നും പുറത്ത് കടക്കാനാകില്ലെന്ന് അധികൃതർ ഭീഷണിപ്പെടുത്തി. പക്ഷേ ഞാൻ നിരാശനായില്ല. ആഴമേറിയ ശാന്തത ആർജ്ജിച്ച് ഞാൻ പ്രതീക്ഷ നിലനിർത്തി. 'ഞാൻ പിടിക്കപ്പെട്ടു' എന്ന ബോധത്തിന് പകരം, 'ജയിൽ അധികൃതർ നല്ല കർത്തവ്യബോധമുള്ളവരാണ്' എന്ന ബോധത്തെ പ്രതിഷ്ഠിച്ച്, മനസിൽ ശാന്തതയും സമാധാനവും ഞാൻ കാത്തുസൂക്ഷിച്ചു. ഇതാണ് ഞാൻ പറഞ്ഞ യുവതയുടെ ശക്തി; പണം കൊടുത്ത് സ്വാധീനിക്കാനോ പേടിപ്പെടുത്തി നിശബ്ദമാക്കാനോ കഴിയാത്ത ശക്തി.

ലോകമെമ്പാടും അതിവേഗം പടർന്നുകൊണ്ടിരിക്കുന്ന ഉപഭോഗത്വര ആളുകളെ അനുസരണയുള്ള ഉപഭോക്താക്കളാക്കി മാറ്റുന്നുണ്ട്. അന്ധനും അനുസരണയുള്ളവനുമായ ഉപഭോക്താക്കളാണ് ആഗോളവത്ക്കരണത്തിന് ആവശ്യം. കേരളത്തിലും തിബറ്റിലും ജപ്പാനിലും ചൈനയിലും അമേരിക്കയിലും കാനഡയിലും ലോകത്തിൽ എല്ലായിടത്തും കൊ




1960കളിലെ ചൈനയല്ല ഇന്നത്തെ ചൈന. ഇന്ന് അമേരിക്കയേക്കാൾ മോശമായ അവസ്ഥയിൽ മുതലാളിത്തം നടപ്പിലാക്കുന്ന രാഷ്ട്രമാണ് ചൈന. അമേരിക്കയിൽ കൃത്യമായ ഒരു നിയമവ്യവസ്ഥയെങ്കിലുമുണ്ട്. ചൈനയിൽ അവിടത്തെ ജനങ്ങളേയും പരിസ്ഥിതിയേയും സംരക്ഷിക്കാനാവശ്യമായ നിയമങ്ങൾ ഇല്ല

ക്കകോളക്ക് ഒരേ ചിന്തയാണ്. വളരെ എളുപ്പത്തിൽ, ആളുകളിൽ ഒരു പ്രത്യേകതരം ഭൗതികാനന്ദം ഉണ്ടാക്കുന്ന ഈ ചിന്ത രൂപകല്പ്പന ചെയ്തത് ലോകത്തിലെ ഏറ്റവും മികച്ച ശാസ്ത്രജ്ഞരാണ്. നിസ്സാരമായ ഇത്തരം ഭൗതിക സംതൃപ്തികൾ ലോകം മുഴുവൻ വിതരണം ചെയ്യപ്പെടുന്നു. ആളുകൾ നിരന്തരം ഇത്തരം ഭൗതിക സംതൃപ്തികൾ തേടുമ്പോൾ കൊക്കകോളയ്ക്കും പെപ്സിക്കും അവരുടെ സാമ്രാജ്യങ്ങളെ വിപുലപ്പെടുത്താൻ കഴിയുന്നു. കൊക്കകോള ഒരു ഉദാഹരണം മാത്രം. സിനിമയും സംഗീതവും ഉൾപ്പെടുന്ന വിനോദ വ്യവസായം മുഴുവൻ ഇപ്രകാരം ജനതകളിലേക്ക് ഉപഭോഗത്വര കുത്തിവയ്ക്കുകയാണ്.

ഭൗതിക തൃഷ്ണകളെ അതിജീവിക്കുന്നവരായിരിക്കും സമൂഹത്തിൽ മാറ്റം കൊണ്ടുവരുന്നവർ. അപ്രകാരം ജീവിക്കുമ്പോൾ നമുക്ക് കമ്പോളത്തിന് പുറത്തുനിന്നും കാര്യങ്ങൾ നോക്കിക്കാണാനാകും. ഉപഭോഗത്വര രാഷ്ട്രങ്ങളുടെയും, ഭാഷകളുടെയും, വർണ്ണ-വർഗ്ഗ വ്യത്യാസങ്ങളുടെയും അതിർത്തികൾ ഭേദിച്ചു കഴിഞ്ഞു. നിങ്ങൾ ദരിദ്രനോ ധനികനോ എന്നതല്ല ഇന്നത്തെ ചോദ്യം, മറിച്ച് നിങ്ങൾ അഡനായ ഒരു ഉപഭോക്താവാണോ അതോ കമ്പോളത്തിന് പുറത്ത് നിൽക്കുന്ന, കൂടുതൽ ശ്രദ്ധയും ജാഗ്രതയും വച്ചുപുലർത്തുന്ന ആളാണോ എന്നതാണ് കാര്യം. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും വികാസത്തിലും പുതുമയിലും സർഗ്ഗാത്മകതയുടെ നിസ്സീമമായ ശക്തിയിലും മറ്റെല്ലാതരത്തിലുമുള്ള കലാവിഷ്കാരങ്ങളിലും എനിക്ക് വിശ്വാസമുണ്ട്. എന്നാൽ ആളുകൾ അനുസരണയുള്ള ഉപഭോക്താക്കൾ മാത്രമാകുമ്പോൾ ശാസ്ത്ര-സാങ്കേതിക വിദ്യയിലും കലാ-സർഗ്ഗത്മക ആവിഷ്കാരങ്ങളിലും കാര്യമായ നേട്ടങ്ങൾ ഉണ്ടാകില്ല. ഇപ്രകാരമുള്ള ജഡത്വമാണ് ആഗോളവത്കരണം ലോകത്ത് പ്രചരിപ്പിക്കുന്നത്.

ഇന്ത്യ ഒരു കോളനീകരണാനന്തര രാഷ്ട്രമാണെന്ന് നമ്മൾ ആഘോഷിക്കുന്നു. മുമ്പ് കോളനികളായിരുന്ന പല ആഫ്രിക്കൻ-ലാറ്റിനമേരിക്കൻ രാഷ്ട്രങ്ങളും ഇന്ന് കോളനീകരണാനന്തര കാലത്താണെന്ന് പറയാം. എന്നാൽ സാമ്രാജ്യത്വ നിർമ്മിതി പൂർണ്ണമായി അവസാനിച്ചു എന്ന് പറയാൻ നമുക്കാകില്ല. ഒരു കാലത്ത് ലോകത്തിന്റെ മൂന്നിൽ രണ്ട് ഭാഗം സ്വന്തമായിരുന്ന ബ്രിട്ടീഷ് സാമ്രാജ്യം ഇന്ന് വീണ്ടും ചൈനയിൽ നിക്ഷേപം നടത്തുന്നു. അമേരിക്കയും മറ്റു യൂറോപ്യൻ യൂണിയൻ രാഷ്ട്രങ്ങളും ചൈനയിൽ നിക്ഷേപിക്കുന്നു. ലോകത്തിലെ ഏറ്റവും ചെലവ് കുറഞ്ഞ നിർമ്മാണശാലകളും വ്യവസായങ്ങളും ചൈനയിലാണ് എന്ന വസ്തുതയാണ് മേൽപ്പറഞ്ഞ രാഷ്ട്രങ്ങളെ ചൈനയിലേക്കാകർഷിച്ചത്. ചൈനയിലെ ആളുകളെ അടിമപ്പണിചെയ്യിപ്പിച്ചും തിബറ്റ്, മംഗോളിയ, ഊസ്ബെകിസ്താൻ തുടങ്ങിയ രാജ്യങ്ങളിൽ അധിനിവേശം നടത്തി, വിഭവങ്ങൾ ഊറ്റിയെടുത്തുമാണ് ഇത്രയേറെ ചെലവ്കുറഞ്ഞ ഉത്പാദനം ചൈന സാധ്യമാക്കുന്നത്.

ചൈനീസ് സമ്പദ്‌വ്യവസ്ഥ എന്ന് പറയുന്നതിൽ ചൈനീസ് ആയ ഘടകങ്ങൾ കാര്യമായില്ല. ചൈനയുടെ സമ്പദ്‌വ്യവസ്ഥ നിയന്ത്രിക്കുന്നത് പാശ്ചാത്യ രാഷ്ട്രങ്ങളാണ്. കോളനീകരണം അവസാനിക്കുകയല്ല, മറിച്ച് കോളനീകരണത്തിന്റെ കേന്ദ്രം ചൈനയിലേക്ക് മാറ്റപ്പെടുകയാണ് ചെയ്തത്. ഈ ചൈനീസ് കോളനീകൃത സാമ്രാജ്യം ഇന്ന് ചൈനയിൽ നിന്നും ആഫ്രിക്കയിലേക്കും ലാറ്റിനമേരിക്കയിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുന്നു. അഫ്രിക്കയിൽ ഡാമുകളും റോഡുകളും സ്റ്റേഡിയങ്ങളും ഉണ്ടാക്കുന്നതിൽ മുൻപന്തിയിലു

ള്ളത് ചൈനീസ് കമ്പനികളാണ്. പക്ഷേ, ഈ നിർമ്മാണ പ്രവൃത്തികളുടെ മേൽ ചൈനീസ് ജനതക്ക് ഒരു പങ്കാളിത്തവും അവകാശപ്പെടാനില്ല. പാശ്ചാത്യ ശക്തികളാൽ നിയന്ത്രിക്കപ്പെടുന്ന ചൈനീസ് സ്വേച്ഛാധിപതികൾ മാത്രമാണ് ഇതിനവകാശികൾ. ഇന്ത്യയിലെ ഇടതുപാർട്ടികൾ ചൈനയിൽ കമ്മ്യൂണിസവും സോഷ്യലിസവുമുണ്ടെന്ന് വിശ്വസിക്കുന്നത് ദൗർഭാഗ്യകരമാണ്. 1960കളിലെ ചൈനയല്ല ഇന്നത്തെ ചൈന. ഇന്ന് അമേരിക്കയേക്കാൾ മോശമായ അവസ്ഥയിൽ മുതലാളിത്തം നടപ്പിലാക്കുന്ന രാഷ്ട്രമാണ് ചൈന. അമേരിക്കയിൽ കൃത്യമായ ഒരു നിയമവ്യവസ്ഥയെങ്കിലുമുണ്ട്. ചൈനയിൽ അവിടത്തെ ജനങ്ങളേയും പരിസ്ഥിതിയേയും സംരക്ഷിക്കാനാവശ്യമായ നിയമങ്ങൾ ഇല്ല. എത്രമാത്രം തൊഴിലാളികളാണ് ചൈനയിൽ മരിക്കുന്നത്. ഒരോ ദിവസവും നദികൾ മലിനീകരിക്കപ്പെടുന്നു. ചൈനയിലെ ഒരൊറ്റ നദിയിൽനിന്നുപോലും വെള്ളം കുടിക്കാൻ പറ്റില്ലെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്. ഇത്രമാത്രം പാരിസ്ഥിതിക മലിനീകരണവും മറ്റുദുരിതങ്ങളും സംഭവിച്ചിട്ടും ജനങ്ങൾക്ക് പ്രതികരിക്കാൻ കഴിയുന്നില്ല. നേട്ടം കൊയ്യുന്നത് ചൈനീസ് സ്വേച്ഛാധിപതികളും പാശ്ചാത്യ ശക്തികളുമാണ്.

ഇതാണ് ആഗോളവത്ക്കരണത്തിന്റെ ഭീതിതമായ മുഖം. ആഗോളവത്കരണ ദുരിതങ്ങൾ നാളുകളായി അനുഭവിക്കുന്ന ഒരു രാഷ്ട്രമാണ് തിബറ്റ്. വൈശേഷികമായ പ്രതിരോധ രീതികൾ തിബറ്റിൽ സംഭവിച്ചിട്ടുണ്ട്. വമ്പിച്ച ജനരോഷ പ്രകടനങ്ങളും അവക്ക് നേരെയുള്ള വെടിവെപ്പുകളും നേതാക്കന്മാരുടെ അറസ്റ്റുകളും തിബറ്റിലെ നിത്യസംഭവങ്ങളായട്ടുകൂടി മാധ്യമങ്ങൾ ഇവയോടെല്ലാം മുഖം തിരിക്കുന്നു. ഒരു മാധ്യമപ്രവർത്തകനും തിബറ്റിൽ എന്താണ് നടക്കുന്നതെന്ന് അന്വേഷിക്കാറില്ല. പ്രതിരോധ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കാൻ മാധ്യമങ്ങളൊന്നും ഇടം ലഭിക്കാതെ ആക്റ്റിവിസ്റ്റുകൾ വിഷമിക്കുകയാണ്. ഈ വിഷമ സന്ധിയിലാണ് തിബറ്റൻ ജനത പ്രതിരോധത്തിന്റെ പ്രത്യേക മാർഗ്ഗങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. തിബറ്റിലെ ചൈനീസ് ഭാഷയുടെ അതിവ്യാപനം ഞങ്ങൾ ചെറുക്കുന്നത് പാട്ടുകൾ പാടിയിട്ടാണ്-എല്ലാം തിബറ്റൻ ഭാഷയിലുള്ള പാട്ടുകൾ. തിബറ്റുകാരെല്ലാം തിബറ്റൻ വസ്ത്രങ്ങൾ ധരിക്കുന്നു. തിബറ്റുകാർക്ക് മാത്രമേ തിബറ്റൻ വസ്ത്രങ്ങൾ ധരിക്കാനാകൂ. അങ്ങനെ തിബറ്റിലെ തയ്യൽക്കാർക്ക് കൂടുതൽ തൊഴിൽ ലഭിക്കുന്നു. തിബറ്റുകാർ തിബറ്റൻ ഭക്ഷണശാലകളിൽ കയറി തിബറ്റൻ വിഭവങ്ങൾ മാത്രം ഭക്ഷിക്കുന്നു – ചൈനീസ് ഭക്ഷണം ബഹിഷ്കരിക്കുന്നു. തിബറ്റുകാർ തിബറ്റ് ഭാഷ മാത്രം സംസാരിക്കുന്നു. മുൻപ് സംസാരത്തിനിടയിൽ ചൈനീസ് വാക്കുകൾ ഉപയോഗിക്കുന്നത് ഫാഷനായി കരുതിയിരുന്നെങ്കിൽ ഇന്ന് ആളുകൾക്ക് തിരിച്ചറിവുണ്ടായിട്ടുണ്ട്.

സാംസ്കാരികമായ ശക്തീകരണം എന്താണെന്ന് തിബറ്റ് മനസ്സിലാക്കുന്നുണ്ട്. ചൈനീസ് പട്ടാളവും ഭരണവ്യവസ്ഥയും മറ്റ് കോളോണിയൽ നിർമ്മിതികളും അടക്കിവാണ തിബറ്റ് ഇന്ന് പ്രതിരോധത്തിന്റെ പാതയിലാണ്. ഈ പ്രതിരോധത്തെയാണ് ധാക്കർ മൂവ്മെന്റ് എന്ന് വിളിക്കുന്നത്. എല്ലാ ബുധനാഴ്ചയും തിബറ്റുകാർ വർണശബളമായ തിബറ്റൻ വസ്ത്രങ്ങൾ ധരിച്ച്, തിബറ്റൻ പാട്ടുകൾ പാടി തെരുവിൽ അണിനിരക്കുന്നു. ചൈനീസ് ഭരണകൂടത്തിന് ഇതിനെതിരെ ഒന്നും ചെയ്യാനാകില്ല. ഈ പ്രവൃത്തി തിബറ്റുകാരെ ഒരുമിപ്പിക്കുന്നു. ഗാന്ധിയെപ്പറ്റിയോ, മാർട്ടിൻ ലൂഥർ കിങ്ങിനെപ്പറ്റിയോ, നെൽസൺ മണ്ടേലയെപ്പറ്റിയോ, മറ്റ് അഹിംസാ സമരരീതികളെ പറ്റിയോ കേട്ടിട്ടില്ലാത്ത ജനങ്ങൾ-നാടോടികളും കർഷകരും സന്ന്യാസിമാരും അടങ്ങുന്ന സാധാരണ ജനങ്ങൾ-തിബറ്റിൽ ഒരു സാംസ്കാരിക പ്രതിരോധം തീർത്തിരിക്കുന്നു. ഈ പ്രതിരോധം പ്രത്യേക പരിശീലന ക്യാമ്പുകളിലൂടെ ഉണ്ടാവുന്നതല്ല, മറിച്ച് ഒരു ജനതയായി നിലനിൽക്കേണ്ട ആവശ്യകത ആളുകൾ തിരിച്ചറിയുന്നതുമൂലം സംഭവിക്കുന്നതാണ്. ചൈനീസ് ഭാഷയിൽ ഭക്ഷണത്തിന്റെ പേര് പറഞ്ഞാൽ ഒരു തിബറ്റുകാരന് തിബറ്റൻ ഭക്ഷണശാലയിൽ നിന്നും ഭക്ഷണം കിട്ടിയെന്നുവരില്ല. ഇ ൗ പ്രതിരോധത്തെ എന്ത് ചെയ്യണമെറിയാതെ ചൈനീസ് ഭരണകൂടം കുഴങ്ങുന്നു.

ഇന്ത്യയിൽ കഴിഞ്ഞ 53 വർഷമായി ഒരു ലക്ഷം തിബറ്റുകാർ അഭയാർഥികളായി കഴിയുന്നു. ഇക്കാര്യത്തിൽ തിബറ്റുകാർ ഇന്ത്യാ ഭരണകൂടത്തോടും ഇവിടത്തെ ജനങ്ങളോടും നന്ദിയുള്ളവരാണ്. ഇന്ത്യ ഞങ്ങൾക്ക് അഭയം നൽകുമാത്രമല്ല, ഞങ്ങൾക്ക് സഞ്ചരിക്കാനും പഠിക്കാനുമുള്ള സ്വാതന്ത്ര്യം തന്നു. ഇന്ത്യയിൽ ജനിച്ചുവളർന്ന ഒരാളെന്ന നിലക്ക് ഞാൻ ഇവിടെ യുവാക്കളുടെ ധാരാളം സമരങ്ങൾ കണ്ടിട്ടുണ്ട്. പലതും ഹിംസാത്മകമായിരുന്നു. എനിക്ക് പറയാനുള്ളത്, സത്യത്തിലേക്ക് സഞ്ചരിക്കാനുള്ള യുവാക്കളുടെ പാത തീർച്ചയായും അഹിംസാത്മകമായിരിക്കണമൊണ്. നിങ്ങൾ കളങ്കിതനായിരിക്കെ നിങ്ങൾക്ക് സാമൂഹ്യ തിന്മക്കെതിരെ പ്രവൃത്തിക്കാനാകില്ല. നിങ്ങളുടെ ലക്ഷ്യവും ആ ലക്ഷ്യത്തിലേക്കുള്ള പാതയും ശരിയായതായിരിക്കണം. ■